ധനകാര്യവകുപ്പുമന്ത്രി (ശ്രീ. തച്ചടി പ്രഭാകരൻ): സർ, ഞാൻ അതിനെ പിന്താങ്ങുന്നു.

ശ്രീ. കെ. കരുണാകരൻ: നിയമസഭാംഗങ്ങൾക്ക് പെൻഷൻ നൽകുന്നതിനെ സംബന്ധിച്ച് 1985-ലെ കേരള (ഭേദഗതി) ബിൽ ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച് 10-ാം നമ്പർ സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. തച്ചടി പ്രഭാകരൻ: ഞാൻ അതിനെ പിന്താങ്ങുന്നു.

ശ്രീ. കെ. കരുണാകരൻ: ഇത് മെഡിക്കൽ ഫെസിലിറ്റിസിനെ സംബന്ധിച്ചുള്ളതാണ്. വെറും സാങ്കേതികമായിട്ടുള്ളതാണ്.

മി. സ്പീക്കർ: നിയമസഭാംഗങ്ങൾക്ക് പെൻഷൻ നൽകുന്നതിനെ സംബന്ധിച്ച ഭേദഗതിബിൽ 10-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അംഗീകരിച്ചിരിക്കുന്നു. ബിൽ സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കുന്നു.

(2) 1986-ലെ കേരള നിയമസഭാംഗങ്ങൾക്ക് പെൻഷൻ നൽകൽ (ഭേദഗതി) ബിൽ

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, 1986-ലെ കേരള നിയമസഭാംഗങ്ങൾക്ക് പെൻഷൻ നൽകൽ (ഭേദഗതി) ബിൽ ഞാൻ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, 1986-ലെ കേരള നിയമസഭാംഗങ്ങൾക്ക് പെൻഷൻ നൽകൽ (ഭേദഗതി) ബിൽ ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച 10-ാം സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

സർ, ഈ ബില്ലിനെ സംബന്ധിച്ചിടത്തോളം നമ്മൾ പെൻഷൻ ഏർപ്പെടുത്തിയ അവസരത്തിൽ അന്നു പാർലമെന്ററിൽ ഉണ്ടായിരുന്ന അതേ നിരക്ക് ഇവിടെ അംഗീകരിക്കുകയാണുണ്ടായത്. അന്നു പാർലമെന്ററിൽ ശമ്പളം 500 ഉറുപ്പികയായിരുന്നു. ഇവിടെ 450 ഉറുപ്പികയായിരുന്നു. പിന്നീട് ശമ്പളം ഭേദഗതി ചെയ്തപ്പോൾ നമ്മളും ഭേദഗതി ചെയ്യുകയാണ്. ഏതായാലും പാർലമെന്ററിൽ ഇപ്പോൾ ലിമിറ്റ് എടുത്തുകളഞ്ഞ ഒരു ഭേദഗതി കൊണ്ടുവന്ന സാഹചര്യത്തിൽ ഇതു നമുക്ക്, സബ്ജക്ട് കമ്മിറ്റി പരിശോധിച്ച് വേണ്ട ഭേദഗതി വരുത്താം. എന്തെങ്കിലും ഭേദഗതി വരുത്തണമെങ്കിൽ ഗവൺമെന്റിന് ഇക്കാര്യത്തിൽ യാതൊരു തർക്കവുമില്ല. സബ്ജക്ട് കമ്മിറ്റിയുടെ ആലോചനാവേളയിൽ നമുക്ക് ആവശ്യമായ ഭേദഗതികൾ വരുത്താം.

ശ്രീമതി കെ. ആർ. ഗൗരി:

1. Sir, I move that the Kerala Payment of Pension to members of Legislature (Amendment) Bill, 1986 be referred to a select Committee.

1A. Sir, I also move that the Kerala Payment of Pension to members of Legislature (Amendment) Bill, 1986 be circulated for eliciting public opinion till 30-1-1987.

LIBRARY ARCHIVES Kerala Legislative Assembly

സർ, ബഹുമാനപ്പെട്ട മെമ്പർ കെ. പി. പ്രഭാകരൻ സംസാരിച്ചപ്പോഴും പറഞ്ഞു, ഈ നിയമം കൊണ്ടുവരുന്നതിന് ചില മാനദണ്ഡങ്ങളും ചില കീഴ്വഴക്കങ്ങളും സ്വീകരിച്ചിരുന്നു എന്ന്. എ. എൽ. എമാരെ ബാധിക്കുന്ന, അവർ റിട്ടയർ ചെയ്യുമ്പോൾ ബാധിക്കുന്ന ഇത്തരം ഒരു നിയമത്തെ സംബന്ധിച്ച് ഇതുവരെ അംഗീകരിച്ചുവന്നിരുന്ന തത്വം എല്ലാപേരും കൂടി ആലോചിച്ചുകഴിഞ്ഞതിനുശേഷം പൊതുവായിട്ടുള്ള ഒരു അഭിപ്രായം അംഗീകരിക്കുകയെന്നുള്ളതാണ്. കഴിഞ്ഞപ്രാവശ്യം ഈ നിയമത്തിൽ മാക്സിമം 1,000 ഉറുപ്പികയെന്നാണ് എഴുതിവച്ചിരുന്നത്. അത് അവതരിപ്പിക്കുന്നതിന് മുമ്പുതന്നെ ഗവൺമെൻറിന്റെ ചീഫ് വിപ്പ് ഞങ്ങളെയെല്ലാം സമീപിച്ചിരുന്നു. അപ്പോൾ ഞങ്ങൾ പറഞ്ഞിരുന്നത് ഇതിനെപ്പറ്റി ഞങ്ങൾ ചർച്ച ചെയ്തു. അഭിപ്രായം രൂപീകരിച്ചതിനുശേഷം മാത്രമേ എന്തെങ്കിലും അഭിപ്രായം പറയാൻ പറ്റുകയുള്ളൂവെന്നാണ്. ഇടതുപക്ഷപ്രസ്ഥാനം പല പാർട്ടികളെ പ്രതിനിധീകരിക്കുന്നവരാണ്. അതുകൊണ്ട് ഞങ്ങൾ കൂട്ടായിട്ടു ആലോചിച്ചിട്ട് അഭിപ്രായം അറിയിക്കുമെന്നു പറഞ്ഞിരുന്നു. അതിനുശേഷം ഞങ്ങൾ എടുത്ത അഭിപ്രായം ആയിരം ഉറുപ്പിക എന്നുള്ളത് വേണ്ടെന്നാണ്. അതിനുശേഷം ഞങ്ങളോട് ആരും പിന്നെ ഒന്നും ചോദിച്ചില്ല. അർജൻറായിട്ട് ഇതുപോലൊരു നിയമനിർമ്മാണത്തെക്കുറിച്ച് അറിയുന്നത് ലിസ്റ്റ് വന്നപ്പോഴാണ്. ഈ കീഴ്വഴക്കം തെറ്റാണ്. ഇതുപോലുള്ള നിയമങ്ങളെ സംബന്ധിച്ച് കൂട്ടായിട്ട് ആലോചിച്ചിട്ടു വേണം ഗവൺമെൻറ് നടപടികൾ എടുക്കേണ്ടത്. അതുകൊണ്ട് ഞങ്ങൾ ഈ നിയമത്തെ എതിർക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): അതു നമുക്ക് സബ്ജക്ട് കമ്മിറ്റിയിൽ ആലോചിക്കാവുന്നതാണ്.

ശ്രീ. ബേബി ജോൺ: സർ, ഇതിൽ വേറൊരു അനൗചിത്യം കൂടിയുണ്ട്. മൂന്നു ദിവസത്തേക്ക് അടിയന്തിരമായി കൂടുന്ന ഈ സഭ— അടുത്ത തിരഞ്ഞെടുപ്പ് ഉടനെ ഉണ്ടാകാൻ പോകുന്ന സാഹചര്യത്തിൽ— ഇങ്ങനെ ഒരു നിയമനിർമ്മാണ നടപടി സ്വീകരിക്കുന്നതുതന്നെ തെറ്റാണ്. സബ്ജക്ട് കമ്മിറ്റിയിൽ ആലോചിക്കാം, എന്നിട്ട് വേണ്ട ഭേദഗതികളും വരുത്താം എന്നു പറയുന്നതിൽ കൂടുതൽ അനൗചിത്യമുണ്ട്. അടിയന്തിരമായ ചില നിയമനിർമ്മാണനടപടികൾക്കുവേണ്ടി മൂന്നു ദിവസത്തേക്ക് കൂടിയിരിക്കുന്ന സഭ എം. എൽ. എ. മാർക്ക് പെൻഷൻ വർദ്ധിപ്പിക്കുന്നത് അടിയന്തിരമായ നടപടിയാണോയെന്ന് എനിക്ക് അറിയില്ല. അതു തിരഞ്ഞെടുപ്പു കഴിഞ്ഞുവരുന്ന ഗവൺമെൻറ് തീരുമാനിക്കും. അതാണ് വേണ്ടത്.

ശ്രീ. കെ. പി. പ്രഭാകരൻ: കഴിഞ്ഞതിന് മുമ്പിലത്തെ സമ്മേളനത്തിൽ ഇതുപോലെയുള്ള രണ്ടു ബില്ലുകൾ കൊണ്ടുവരുന്നു എന്നു പറഞ്ഞു വ്യാപകമായ പ്രചരണം നടത്തി. അന്നുതന്നെ പാർട്ടികൾ തമ്മിൽ ആലോചിച്ച് ഒരു കോൺസെൻസസ് ഇല്ലാതെ കൊണ്ടുവരുന്നത് ശരിയല്ലെന്നു പറഞ്ഞതിൻറെയടിസ്ഥാനത്തിൽ അതു കൊണ്ടുവരുന്നില്ലെന്നു പറഞ്ഞു പിൻവലിച്ചതാണ്. ഇത്തവണ നിയമസഭ വീണ്ടും കൂടുന്നതവസരത്തിൽ അതിനെപ്പറ്റി ചർച്ച ചെയ്ത ഞങ്ങളുടെ അംഗീകാരമൊന്നും വാങ്ങാതെ ഈ ബില്ല് പബ്ലിഷ് ചെയ്തത് രാജ്യത്തെ വില്ലാ പത്രങ്ങളിലൂടെയും പബ്ലിസിറ്റി കൊടുത്തത് എം. എൽ. എ. മാരെ ജനങ്ങളുടെ മുന്നിൽ പരിഹാസ്യപാത്രങ്ങളാക്കാനാണ്. ഇതു നടപടി

LIBRARY ARCHIVES Kerala Legislative Assembly

ഏറ്റവും പ്രതിഷേധാർഹമാണ്. ഇതെല്ലാം പബ്ലിഷ് ചെയ്തുകഴിഞ്ഞതിനുശേഷം ഇനി സബ്ജക്ട് കമ്മിറ്റി കൂടി സ്വകാര്യമായിട്ട് ഭേദഗതി വരുത്താമെന്നാണ് പറഞ്ഞത്. ഇതു പാർലമെൻറിന്റെ രീതിയിൽത്തന്നെ ഇവിടെ കൊണ്ടുവരണമെന്നു പറഞ്ഞാൽ പാർലമെൻറിന്റെ കഴിവും സംസ്ഥാനത്തിന്റെ സ്ഥിതിയും ഒരേ രീതിയിലാണോ? അവിടെ വേറെ മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. പാർലമെൻറിലേതുകൂടി ഇവിടെ അഡോപ്റ്റ് ചെയ്യണമെന്നില്ല. ആ ന്യായം പറഞ്ഞുകൊണ്ട് യാതൊരു ആലോചനയും കൂടാതെ ഇതെല്ലാം ഭൂരിപക്ഷമുള്ളതുകൊണ്ട് പാസ്സാക്കിയെടുക്കാമെന്നുള്ള രീതിയിൽ കൊണ്ടുവന്ന ഏർപ്പാട് ഞങ്ങളോടുള്ള അവഹേളനമാണ്. ഇന്നുവരെ ഈ നിയമസഭയിൽ ഇങ്ങനെ ഒരു കോൺസെൻസസ് ഇല്ലാതെ എം. എൽ. എ. മാരെ സംബന്ധിച്ച ഒരു ബില്ല് പാസ്സാക്കിയതായിട്ട് ചരിത്രമില്ല. കീഴ്വഴക്കങ്ങളും ലംഘിച്ചുകൊണ്ട് ഇത്തരത്തിലൊരു നിലപാടിലേക്ക് നീങ്ങിയതിൽ ശക്തിയായ പ്രതിഷേധമുണ്ടെന്നുള്ളതുകൊണ്ട് ഞാൻ ഇതിനെ എതിർക്കുന്നു.

ശ്രീ. എ. സി. ഷൺമുഖദാസ്: സർ, ശ്രീ. കെ. പി. പ്രഭാകരൻ പറഞ്ഞ അവസാനത്തെ കാര്യമാണ് പ്രശ്നം. ഈവക കാര്യങ്ങൾക്ക് ഒരു യോജിച്ച തീരുമാനത്തിന് അവസരമുണ്ടാകണം. ഇക്കാര്യത്തിൽ പോലും യോജിച്ച തീരുമാനത്തിന് തയ്യാറില്ലെങ്കിൽ അതാണ് പ്രശ്നം. ഞങ്ങൾ ഇതിനെ എതിർക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, ഇവിടെ രണ്ടു കാര്യമാണ് പറഞ്ഞത്. ഒന്ന്, ഇതു അടിയന്തിരമായി വിളിച്ചു കൂട്ടിയ അസാധാരണയോഗമാണെന്നു പറഞ്ഞു. ചോദ്യോത്തരവേളയുടെ കാര്യമൊഴിച്ചാൽ ഇതൊരു സാധാരണ സമ്മേളനം തന്നെയാണ്. ശദ്ധക്ഷണിക്കൽ, അടിയന്തിരപ്രമേയം, ചർച്ചകൾ എല്ലാമുണ്ട്. ഇന്നുതന്നെ വെറും നാമമാത്രമായ സപ്ലിമെൻററി ഡിമാൻറിനു പോലും ഒരു ദിവസത്തെ ചർച്ച വച്ചിരിക്കുകയാണ്. അതുകൊണ്ട് അസാധാരണമാണെന്ന് പറഞ്ഞതിനോട് ഞാൻ യോജിക്കുന്നില്ല; അംഗീകരിക്കുന്നില്ല. രണ്ടാമത്തേത് പൊതുവേ എല്ലാപേരും കൂടി അംഗീകരിച്ചുകൊണ്ട്, ബഹുമാനപ്പെട്ട കെ. പി. പ്രഭാകരൻറെ പാർട്ടിയും ബേബിജോണും ഞങ്ങളുമൊക്കെ ഒരുമിച്ചിരുന്ന കാലത്താണ് ഇതു കൊണ്ടുവന്നത്. മാർക്സിസ്റ്റ് പാർട്ടി എതിർത്തു. അതു സ്വാഭാവികമാണ്. ഏതായാലും സബ്ജക്ട് കമ്മിറ്റിയിൽ ഇരുന്നു ആലോചിച്ച് എന്തൊക്കെയാണ് വേണ്ടതെന്നുവച്ചാൽ ചെയ്യാം.

1986-ലെ കേരളനിയമസഭാംഗങ്ങൾക്ക് പെൻഷൻ നൽകൽ (ഭേദഗതി) ബിൽ ആഭ്യന്തരകാര്യങ്ങൾ സംബന്ധിച്ച 10-ാം സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് വിടണമെന്ന പ്രമേയം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

ബിൽ 10-ാം സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയച്ചു.

LIBRARY ARCHIVES Kerala Legislative Assembly